# കെയർ വയനാടിലൂടെ ഭിന്നശേഷി കുട്ടികൾക്കും രക്ഷിതാക്കൾക്കും പ്രൊഫഷണൽ പിന്തുണാ സേവനങ്ങൾ വിളിപ്പുറത്ത്

കോവിഡ് 19 ലോക്ക് ഡൗണിന്റെ പശ്ചാത്തലത്തിൽ ജില്ലയിലെ ഭിന്നശേഷി കുട്ടികൾക്കും രക്ഷിതാക്കൾക്കും ആശ്വാസമേകി റീഹാബിലിറ്റേഷൻ പ്രൊഫഷണലുകളുടെ സേവനം ഫോൺ മുഖേന ലഭ്യമാക്കി വയനാട് കുടുംബശ്രീ ജില്ലാ മിഷൻ. നഹ്ല ചാരിറ്റബിൾ ഫൗണ്ടേഷനുമായി ചേർന്നാണ് 'കെയർ വയനാട്' എന്ന പേരിൽ ഈ സേവനം മാർച്ച് 27 മുതൽ ജില്ലയിൽ ലഭ്യമാക്കിത്തുടങ്ങിയത്.

ഭിന്നശേഷിക്കാരായ കുട്ടികളുടെ തുടർപരിശീലനവും കരുതലും ഉറപ്പു വരുത്തകയെന്ന ലക്ഷ്യമാണ് ജില്ലയിൽ പ്രത്യേക പരിഗണന ആവശ്യമുള്ള കുട്ടികളുടെ രക്ഷിതാക്കളെ കൂട്ടി യോജിപ്പിച്ചു കൊണ്ട് കെയർ വയനാടിലൂടെ ജില്ലാമിഷൻ നിറവേറ്റുന്നത്. ജില്ലയിൽ കുടുംബശ്രീയുടെ കീഴിൽ ഭിന്നശേഷി കുട്ടികൾക്കായുള്ള ആറ് ബഡ്സ് സ്കൂളുകളും അഞ്ച് ബഡ്സ് റീഹാബിലിറ്റേഷൻ സെന്ററുകളുമാണ് (ബി.ആർ.സി) പ്രവർത്തിക്കുന്നത്. ആകെ 247 കുട്ടികൾ ഈ സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നു. ലോക്ക് ഡൗണിനെത്തുടർന്ന് ഈ സ്ഥാപനങ്ങളുടെ പ്രവർത്തനം നിർത്തി വച്ചിരിക്കുന്നതിനാൽ തന്നെ 'കെയർ വയനാട്' പദ്ധതി ജില്ലയിലെ ഭിന്നശേഷി കുട്ടികളുടെ രക്ഷിതാക്കൾക്ക് ഏറെ ആശ്വാസമായിരിക്കുകയാണ്. ഭിന്നശേഷി കുട്ടികൾക്കായുള്ള ജില്ലയിലെ മറ്റ് അഞ്ച് സ്ഥാപനങ്ങൾക്കും കെയർ വയനാടിലൂടെ സേവനം ലഭ്യമാക്കുന്നുണ്ട്.

ജില്ലയ്ക്കകത്തും പുറത്തുമുള്ള വിദഗ്ധരുടെ സേവനങ്ങളാണ് കെയർ വയനാട് വഴി നൽകുന്നത്. ക്ലിനിക്കൽ സൈക്കോളജിസ്റ്റ്, റിഹാബിലിറ്റേഷൻ സൈക്കോളജിസ്റ്റ്, ബിഹേവിയർ ആൻഡ് ഡെവലപ്മെന്റൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപിസ്റ്റ്, സ്പെഷ്യൽ എജ്യൂക്കേറ്റേഴ്സ്, ഒക്യുപേഷണൽ തെറാപ്പിസ്റ്റ്, ഫിസിയോ തെറാപ്പിസ്റ്റ്,

ബഡ്സ് സ്കൂൾ ടീച്ചേഴ്സ് എന്നിവരടങ്ങുന്നതാണ് നിലവിലെ സപ്പോർട്ട് സെൽ. രക്ഷിതാക്കൾക്ക് ഫോൺ മുഖേന ഈ സപ്പോർട്ട് സെൽ അംഗങ്ങളുമായി ആശയ വിനിമയം നടത്താനാകും. അങ്ങനെ വിദഗ്ധ നിർദ്ദേശങ്ങൾ രക്ഷിതാക്കൾക്ക് ലഭിക്കുന്നു. ബുദ്ധിവികാസ വൈകല്യം, ഓട്ടിസം, എ.ഡി.എച്ച്.ഡി, സെറിബ്രൽ പാൾസി, ഡൗൺ സിൻഡ്രം, സംസാര വൈകല്യം, ശാരീരിക വൈകല്യം, പഠനവൈകല്യം എന്നീ അവസ്ഥകളിലുള്ള കുട്ടികൾക്ക് വീടുകളിൽ തന്നെ ഇരിക്കേണ്ടി വരുമ്പോഴുണ്ടാകുന്ന സ്വഭാവ, പെരുമാറ്റ പ്രശ്നങ്ങൾക്കുമുള്ള പരിഹാര നിർദ്ദേശങ്ങളും ഈ സപ്പോർട്ട് സെല്ലിലൂടെ ലഭ്യമാകുന്നു. ലോക്ക് ഡൗണിന് ശേഷം ശ്രദ്ധിക്കേണ്ട കാര്യങ്ങൾ, വീട്ടിൽ നിന്ന് തന്നെ കുട്ടികൾക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ എന്നിവ അടങ്ങിയ മാർഗ്ഗരേഖകളും വ്യത്യസ്ത വീഡിയോകളും ഇപ്പോൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്.

നേരത്തേ ലോക്ക് ഡൗൺ പ്രഖ്യാപിച്ച് രണ്ടാം ദിനത്തിൽ തന്നെ ജില്ലാമിഷൻ, ബഡ്സ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർ മുഖേന ഭിന്നശേഷി കുട്ടികൾക്കായുള്ള ഭവന പരിശീലന പരിപാലന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചിരുന്നു. അധ്യാപകർ വീഡിയോ കോൾ വഴി കുട്ടികളും മാതാപിതാക്കളുമായും സ്ഥിരമായി ആശയ വിനിമയം നടത്തുന്നു. ജില്ലയിലെ എല്ലാ പഞ്ചായത്തുകളിലും പഞ്ചായത്ത് പ്രസിഡന്റ്, സി.ഡി.എസ് ചെയർപേഴ്സൺ, ബഡ്സ് സ്ഥാപനങ്ങളിലെ അദ്ധ്യാപകർ എന്നിവരെ ഉൾപ്പെടുത്തി ഒരു ഓൺലൈൻ ഹെൽപ്പ് ഡെസ്ക്കും രൂപീകരിച്ചു. ഈ ഹെൽപ്പ് ഡസ്ക്കിലൂടെ ബഡ്സ് സ്ഥാപനങ്ങളിൽ പരിശീലനം നേടുന്നവരുൾപ്പെടെയുള്ള ജില്ലയിലെ ഭിന്നശേഷി കുട്ടികൾക്ക് വിവിധ സേവനങ്ങൾ നൽകി വരുന്നു. ഇവർക്ക് മരുന്നുകളും അവശ്യ സാധനങ്ങളും ലഭ്യമാക്കൽ, മനഃശാസ്ത്ര വിദഗ്ധരുടെ

സേവനങ്ങൾ ലഭ്യമാക്കൽ, പാഠ്യ പ്രവർത്തനങ്ങൾ എന്നിവയെല്ലാം ഈ ഹെൽപ്പ് ഡെസ്ക് മുഖേന ചെയ്ത് നൽകുന്നു. ഈ പ്രവർത്തനങ്ങൾ ജില്ലാമിഷൻ ദിവസേന വിലയിരുത്തുകയും ചെയ്യുന്നു. ഭിന്നശേഷിക്കാർക്ക് വിദഗ്ധ ചികിത്സയും മറ്റും ആവശ്യമായി വന്നാൽ ജില്ലാ സമൂഹിക ക്ഷേമ വകുപ്പിന്റെ സഹായവും ലഭ്യമാക്കുന്നു. ഇത് കൂടാതെ ലോക്ക് ഡൗൺ കാലത്ത് ബഡ്സ് സ്ഥാപനങ്ങളിലെ പരിശീലനാർത്ഥികൾക്കും രക്ഷിതാക്കൾക്കുമായും വിവിധ ചലഞ്ച് മത്സരങ്ങളും ജില്ലയിൽ സംഘടിപ്പിച്ചുവരുന്നു. മികച്ച കൃഷിത്തോട്ടം ഒരുക്കുക, കിളികൾക്ക് ദാഹജലം നൽക്കുക, പാഴ്വസ്തുക്കൾ കൊണ്ടുള്ള നിർമ്മിതികൾ, നിറം നൽകൽ, ചോദ്യോത്തര മത്സരങ്ങൾ എന്നിവയെല്ലാം ഈ മത്സരങ്ങളിൽ ഉൾപ്പെടുന്നു.